# മാജിക്

ഒരിടത്തൊരിടത്ത്, ഒരു വലിയ പട്ടണത്തിൽ ടോമി എന്ന് പേരുള്ള ഒരു കുട്ടി താമസിച്ചിരുന്നു. ക്രിസ്മസ് കാലമായപ്പോൾ അവൻ തന്റെ അമ്മയുടെ കൂടെ അച്ഛൻ ജോലി ചെയ്യുന്ന അമേരിക്കയിലേക്ക് പോയി. ടോമിക്ക് ടിക്കു എന്ന് പേരുള്ള ഒരു കരടിക്കുട്ടിയുടെ പാവയുണ്ടായിരുന്നു. ടിക്കുവിനെ ടോമിക്ക് വളരെ ഇഷ്ടമായിരുന്നു. ടോമി അവന്റെ കൂടെ കളിക്കും, അവന് പാട്ട് പാടികൊടുക്കും, അവന്റെ കൂടെ ഉറങ്ങും. ടോമിക്ക് മാജിക് ഒരുപാട് ഇഷ്ടമാണ്. അങ്ങനെ ക്രിസ്മസിന് തലേ ദിവസം രാത്രി ടോമി ടിക്കുവിന്റെ കൂടെ ഉറങ്ങാൻ കിടന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ ടോമി ഒരു സ്വപ്നം കാണാൻ തുടങ്ങി: സ്വപ്നത്തിൽ ടോമിയും

ടിക്കുവും മാത്രമാണ് വീട്ടിൽ ഉള്ളത്. ടോമി ജനാലയിൽ കൂടി പുറത്തേക്ക് നോക്കിയപ്പോൾ, ആകാശത്തു കൂടി മാനുകൾ ഓടിക്കുന്ന വണ്ടിയിൽ സാന്റാക്ലോസ് വരുന്നു. ഒരു സഞ്ചിയിൽ നിറയെ സമ്മാനങ്ങളും ഉണ്ട്. ടോമി അദ്ഭുതത്തോടെ അത് നോക്കി നിന്നു. എന്നാൽ അപ്രതീക്ഷിതമായിട്ടാണ് അത് സംഭവിച്ചത്, സാന്റാ സഞ്ചരിച്ച വാഹനത്തിൽ എന്തോ തകരാർ സംഭവിച്ച് അത് താഴേക്ക് വീഴുന്നു. ടോമി പുറത്തേക്ക് ഓടി. ഡോർ തുറന്നതും അവന്റെ വീടിനു മുമ്പിൽ സാന്റാ വീണു കിടക്കുന്നു. അവൻ സാന്റയെ വീട്ടിലേക്ക് കൊണ്ടുവന്ന് ഇരുത്തി. ടോമി സാന്റയെ ശുശ്രൂഷിച്ചു സാന്റയെ വളരെ നന്നായി നോക്കി. സാന്റയ്ക്ക് വളരെ സന്തോഷമായി.

ടോമിക്ക് മാജിക് വളരെ ഇഷ്ടമാണ് എന്ന് മനസ്സിലാക്കിയ സാന്റാ, തന്റെ മാന്ത്രിക വടി കൊണ്ട് ടിക്കുവിനെ ഒന്നു തൊട്ടു. പെട്ടെന്ന് ടിക്കുവിന് ജീവൻ ഉണ്ടായി. എന്നിട്ട് അവൻ ഒരു മാജിക്കുകാരന്റെ വേഷം ധരിച്ച് അവിടെ മാജിക് ചെയ്യാൻ തുടങ്ങി. ടോമിക്ക് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൻ ടിക്കു ചെയ്യുന്ന മാജിക് ആസ്വദിച്ച് ഇരുന്നു. പെട്ടെന്ന് അവിടെയെല്ലാം ഇരുട്ടായി, ടിക്കു ഒരു ലാമ്പും കൈയ്യിൽ പിടിച്ച് മുന്നോട്ട് വന്നു എന്നിട്ട് അവൻ ഒരു മാജിക് കാണിച്ചു. ടോമി നോക്കിയപ്പോൾ ആകാശത്തുള്ള നക്ഷത്രങ്ങൾ അവർക്കു ചുറ്റും പറന്ന് കളിക്കുന്നു. പെട്ടെന്ന് ടോമിയെ അവന്റെ അമ്മ സ്വപ്നത്തിൽ നിന്നും വിളിച്ച് എഴുന്നേൽപ്പിച്ചു. "ടോമി എനിക്ക് ഇന്ന് ക്രിസ്മസാ

അമ്മ പറഞ്ഞു. അവൻ കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റു. അവൻ കണ്ട സ്വപ്നം സാന്താക്ലോസ് ക്രിസ്മസിന് അവനു നൽകിയ സമ്മാനമാണ് എന്ന് അവൻ വിശ്വസിച്ചു. ടോമിയുടെ ജീവിതത്തിലെ വളരെ നല്ല ക്രിസ്മസ് ദിനമായിരുന്നു അത്.

എലന മരിയ.